(ബി) കൃത്രിമ പാലിന്റേയും പാലുൽപ്പന്നങ്ങളുടെയും വിപണനം തടയാൻ ഇതുവരെ എന്തെങ്കിലും നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) കൃത്രിമ പാൽ വിതരണം വ്യാപകമാകുന്നത് തടയാൻ മിൽമ പാൽ കൂടുതലായി ശേഖരിക്കാനും വിപണനം നടത്താനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടുകൂടി പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. അതിർത്തി ഗ്രാമങ്ങളിലെ മലയോര പ്രദേശങ്ങളുൾപ്പെടെ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന എല്ലാ പാലുൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന അനലറ്റിക്കൽ ലാബുകളിൽ പരിശോധിക്കുകയും നിശ്ചിത ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതോ ആയ സാമ്പിളുകളിന്മേൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കൃത്രിമ പാലിന്റേയും പാലുൽപ്പന്നങ്ങളുടെയും വിപണനം സംബന്ധിച്ച് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനകളിൽ കൃത്രിമ പാലിന്റെ ഉപയോഗം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല ആയതിനാൽ ഇത്തരത്തിലുള്ള പരാതികൾ സംബന്ധിച്ച് പ്രത്യേക ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മിൽമയുടെ തിരുവനന്തപുരം, എറണാകുളം, മലബാർ മേഖലാ യൂണിയനുകൾ പാൽ ശേഖരണവും വിപണനവും വർദ്ധിപ്പിച്ചിട്ടുണ്ട്.

പയ്യന്നൂർ പുരക്കളി കലാ അക്കാദമി

76 (1475) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പയ്യന്നൂർ ആസ്ഥാനമായി സ്ഥാപിക്കുന്ന പുരക്കളി കലാ അക്കാദമിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ;

(ബി) പ്രസ്തുത അക്കാദമിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പൂരക്കളി അക്കാദമി സ്ഥാപിക്കുന്നതിന് പ്രഖ്യാപിച്ച തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അക്കാദമിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കലാകാര പെൻഷൻ

77 (1477) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ കലാകാര പെൻഷൻ എത്രപേർക്ക് നൽകി വരുന്നുണ്ട്; അത് പ്രതിമാസം എത്ര രൂപ വീതമാണ്;

(ബി) കലാകാര പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്;

(സി) കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) വർദ്ധിച്ച വിലക്കയറ്റവും ജീവിത ചെലവുകളും കണക്കിലെടുത്ത് കലാകാര പെൻഷൻ കാലോചിതമായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 2499 കലാകാരന്മാർക്ക് കലാകാര പെൻഷൻ നൽകിവരുന്നുണ്ട്. പ്രതിമാസം 750 രൂപയാണ് കലാകാര പെൻഷൻ തുക.

(ബി&സി) കലാകാര പെൻഷൻ 2014 നവംബർ മാസം മുതൽ പോസ്റ്റാഫീസ്/ ബാങ്ക് സേവിംഗ്സ് അക്കൗണ്ട് മുഖേനയാണ് നൽകുന്നത്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത 27 ഗുണഭോക്താക്കൾക്ക് 2014 നവംബർ മാസം മുതൽ (4 മാസത്തെ) കലാകാര പെൻഷൻ നൽകിയിട്ടില്ല. വിശദവിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് കുടിശ്ശിക ഉൾപ്പെടെയുള്ള പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly